1/12/21...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 233(6)/2021 *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നം.2498/*എസ്.ഐ.സി–ജി 5/2021*)

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വി.ആർ. ശിവൻ,
C/o. എൻ.കെ.മോഹൻലാൽ,
കണ്ണകി സ്ക്വയർ,
ഇടപ്പിള്ളി, കൊച്ചി – 24.
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സബ്ബ് രജിസ്ട്രാർ,
   സബ്ബ് രജിസ്ട്രാർ ഓഫീസ്,
   ഇടപ്പിള്ളി.

2. അപ്പീൽ അധികാരി &
   ജില്ലാ രജിസ്ട്രാർ (ജനറൽ),
   ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്,
   സെക്കന്റ് ഫ്ളോർ, CC 40/1017 പെരുംമ്പിള്ളി
   ബിൽഡിംഗ്, Opp. മഹാരാജാസ് കോളേജ് ഗ്രൗണ്ട്,
   എറണാകുളം – 682 011.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/04/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 01/11/2021 |

RIGHT TO INFORMATION

| | |
|---|---|
| | ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. വി. ആർ. ശിവൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നിയമവിരുദ്ധവും ഏകപക്ഷീയവുമായ മറു പടിയാണ് നൽകിയതെന്നും ടി മറുപടിക്കെതിരെ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ലെന്നും ആയതി നാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണ മെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 02.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) രണ്ടു വ്യക്തികളുടെ (സഹോദരങ്ങൾ) വെവ്വേറെ ഉടമസ്ഥതയിലും കരം അടവിലും ഇരിക്കുന്ന ചെറിയ ഭൂമികളിൽ ടി വ്യക്തികൾ കരാർ പ്രകാരം ഓരോ നിലകളും ഓരോരുത്തർക്ക് അവകാശപ്പെടുത്തി പണം ഒരുമിച്ച് ചിലവു ചെയ്ത് പണിതീർത്ത് ജോയിന്റ് ആയി കോർപ്പറേഷൻ നമ്പർ ഇട്ടിരിക്കുന്ന കെട്ടിടം മാത്രം (ഭൂമി ഒഴിവാക്കി) ഭാഗാധാരം രജിസ്റ്റർ ചെയ്യുവാൻ സാങ്കേതികമാ യോ, നിയമപരമായോ വല്ല തടസ്സമുണ്ടോ എന്നും.

2) ഇപ്രകാരമുള്ള 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയിരിക്കുന്ന കരാർ രജിസ്റ്റർ ചെയ്യുന്നതിന് ഇനി കൂടുതൽ സ്റ്റാമ്പ് ഡ്യൂട്ടി ആവശ്യമാണോ എന്നും അങ്ങനെയെങ്കിൽ എത്രയെന്നും

3) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുന്നത് ഗവൺമെന്റിന്റെ ഏത് ഏജൻസിയാണെന്നും ആയതിന്റെ വിലാസവുമാണ്.

3. ഹർജിക്കാരന്റെ 02.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എ തിർകക്ഷി 08.12.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി

തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല.

4. രണ്ടാം എതിർകക്ഷി 19.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ആക്ഷേപമുന്നയിച്ചുകൊണ്ടാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ടി അപ്പീൽ ഹർജിയിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒന്നാം എതിർകക്ഷിയോട് വിശദീകരണം ആവശ്യപ്പെട്ടുവെന്നും ഹർജിക്കാരന്റെ ഭാഗം കേൾക്കുന്നതിന് 04.01.2021 ന് 12.30 മണിക്ക് അവസരം നൽകിയെങ്കിലും ടിയാൻ ഹിയറിംഗിൽ ഹാജരാവുകയോ മറുപടി നൽകുകയോ ചെയ്തില്ലെന്നും എസ്.പി.ഐ.ഒ വിശദീകരണം നൽകിയെന്നുമാണ്. എസ്.പി.ഐ.ഒ യുടെ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്നത്, ഓഫീസിൽ നിലവിൽ നടപടികളിൽ ഇരിക്കുന്ന ഫയലിലെ വിവരങ്ങളെ സംബന്ധിച്ചോ, ടി ഓഫീസിൽ നിന്നും സമയ ബന്ധിതമായി പൊതു ജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങളെ സംബന്ധിച്ചോ, ടി ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന വിവരങ്ങളെ സംബന്ധിച്ചോ അല്ല കക്ഷി ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഓഫീസിൽ രജിസ്ട്രേഷൻ നടപടികൾക്കായി ഹാജരാക്കിയിട്ടില്ലാത്ത ഒരു ഭാഗാധാരത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ആണെന്നും രജിസ്ട്രേഷൻ നടപടികൾക്കായി ഹാജരാക്കിയിട്ടില്ലാത്ത ഒരു ആധാരത്തെപ്പറ്റിയുള്ള സാങ്കേതികപരമായതും നിയമപരമായതും ആയ അഭിപ്രായം എന്നത് കേരള രജിസ്ട്രേഷൻ ചട്ടം 31 പ്രകാരം രജിസ്റ്ററിംങ്ങ് ഉദ്യോഗസ്ഥന്റെ കർത്തവ്യത്തിന്റെ ഭാഗമല്ലാത്തതാണെന്നും 1959 ലെ കേരള മുദ്രപ്പത്ര നിയമം അദ്ധ്യായം 3 സെക്ഷൻ 31 പ്രകാരം ഒരു കരണത്തിന്റെ മുദ്രയെപ്പറ്റി തീർപ്പു കൽപ്പിക്കുക എന്നത് ഒരു രജിസ്റ്ററിംങ്ങ് ഉദ്യോഗസ്ഥന്റെ അധികാര പരിധിയിൽ വരാത്തതാണെന്നും ഹർജിക്കാരന്റെ 3-ാമത്തെ ചോദ്യത്തിന് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഒഫീഷ്യൽ വെബ്സൈറ്റിന്റെ പ്രധാന പേജിൽ കൊടുത്തിട്ടുള്ള സ്ഥാപനത്തിന്റെ വിലാസമാണ് നൽകിയിട്ടുള്ളതെന്നും ടി ഓഫീസിനെ പറ്റി ആധികാരികമായി മറ്റു വിവരങ്ങൾ ഒന്നും ലഭ്യമല്ലാത്തതുമാണെന്നാണ്. കക്ഷി ആധാരം ഹാജരാക്കിയാൽ മാത്രമേ ടി ആധാരത്തിന് ആവശ്യമായ മുദ്ര എത്രയെന്ന് സബ് രജിസ്ട്രാർ നിർണ്ണയിക്കേണ്ടതായിട്ടുള്ളു എന്നും ലഭ്യമായ വിശദീകരണങ്ങളുടെ അടിസ്ഥാ

നത്തിൽ എസ്.പി.ഐ.ഒ നൽകിയ മറുപടി ഉചിതമാണെന്നും അപേക്ഷകന് വിവരം നിഷേധിക്കുകയോ നൽകാതിരിക്കുകയോ ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാലും 19.01.2021 ൽ അപ്പീൽ തീർപ്പാക്കിയെന്നുമാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ല. 01.11.2021 ൽ കമ്മീഷൻ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഹർജിക്കാരൻ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ഒന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമപ്രകാരം നൽകാൻ കഴിയില്ല എന്നാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. ഹർജികക്ഷി ആധാരം തയ്യാറാക്കി രജിസ്ട്രേഷനായി നൽകിയിരുന്നുവെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടിയെ സംബന്ധിച്ച് വിവരം നൽകാൻ കഴിയുമായിരുന്നു. എന്നാൽ ഇവിടെ അപ്രകാരമല്ല ടിയാൻ ചെയ്തിട്ടുള്ളത്. മാത്രവുമല്ല കെട്ടിടം ഇരിക്കുന്ന ഭൂമി ഒഴിവാക്കിയാണ് രജിസ്ട്രേഷൻ ചെയ്യേണ്ടത് എന്നു പറയുന്നത് ഭൂമി അടക്കം ആണ് എങ്കിലും രജിസ്റ്റർ ചെയ്യുന്നതിനു അല്ല കെട്ടിടം മാത്രം രജിസ്റ്റർ ചെയ്യാൻ വേണ്ടിയുള്ള വിവരം ആണ് ടിയാൻ ആരായുന്നത്. രജിസ്ട്രേഷനു തയ്യാറാക്കിയ ആധാരം ഹാജരാക്കാതെ അപ്രകാരം ഹാജരാക്കാത്ത ഒരു ആധാരത്തിന് ചുമത്തേണ്ട സ്റ്റാമ്പിനെ പറ്റി രേഖാമൂലം വിവരം നൽകൽ സബ് രജിസ്ട്രാറുടെ ചുമതല അല്ലെന്ന് ടിയാന്റെ മൊഴിയിലും അപ്പീലധികാരിയുടെ റിപ്പോർട്ടിലും പറഞ്ഞിരിക്കുന്നു. Undivided property യെ സംബന്ധിച്ചു ആണെങ്കിൽ ആധാരം തയ്യാറാക്കി ജില്ലാ രജിസ്റ്റാർക്ക് സമർപ്പിക്കണമെന്ന് ടിയാന്റെ മൊഴിയിൽ പറയുകയുണ്ടായി. ഹർജികക്ഷി കമ്മീഷൻ ഹിയറിംഗിന് ഹാജരാകുവാൻ നിർദ്ദേശിച്ചു നൽകിയ കത്ത് കൈപ്പറ്റിയിട്ട് ഹാജരാകുകയോ അസൗകര്യം അറിയിക്കുകയോ ചെയ്തതായി കാണുന്നില്ല. ടി നടപടി വിവരാവകാശ അപേക്ഷയിലെ ടിയാന്റെ അപ്പീൽ തീർപ്പാക്കുന്നതിന് സഹായകമായ നിലപാടല്ല. എതിർകക്ഷി നൽകിയ വിവരങ്ങൾ മൊഴിയിൽ പറഞ്ഞതു ചേർത്ത് കുറെകൂടി വ്യക്തമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജികക്ഷിക്ക് രജിസ്റ്റേർഡ് പോസ്റ്റ് വഴി അയച്ചു നൽകേണ്ടതാണ്.

RIGHT TO INFORMATION

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 10–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION